23.07.23 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 16-03-95

# സർവ പ്രാപ്തിസമ്പന്നആത്മാവിന്റെ ലക്ഷണം- സന്തുഷ്ടതയും പ്രസന്നതയും

ഇന്ന് സർവ പ്രാപ്തികൾ ചെയ്യിക്കുന്ന ബാപ്ദാദ തന്റെ നാനാഭാഗത്തെയും പ്രാപ്തിസമ്പന്ന കുട്ടികളെ കാണുകയാണ്. സർവ പ്രാപ്തികളുടെയും ദാതാവ് സമ്പന്നവും സമ്പൂർണവുമായ ബാബയുടെ കുട്ടികളാണ്. അപ്പോൾ ഓരോ കുട്ടികൾക്കും ബാബ സർവ പ്രാപ്തികളുടെ സമ്പത്തു നൽകിയിട്ടുണ്ട്. ഇങ്ങനെയല്ല ചിലർക്ക് 10 കൊടുത്തു, ചിലർക്ക് 20 കൊടുത്തു. എല്ലാ കുട്ടികൾക്കും സർവ പ്രാപ്തികളുടെയും അധികാരം നൽകിയിട്ടുണ്ട്. എല്ലാ കുട്ടികളും മുഴുവൻ സമ്പത്തിൻരെ അധികാരിയാണ്. അപ്പോൾ ബാപ്ദാദ കാണുകയാണ് ഓരോ അധികാരി കുട്ടിയും തനിക്കു മേൽ പ്രാപ്തികളുടെ അധികാരം എത്ര പ്രാപ്തമാക്കി? ബാബ എല്ലാം നൽകി. ബാബയെ സർവശക്തിവാൻ അഥവാ സമ്പന്ന സാഗരമെന്നു പറയുന്നു. എന്നാൽ കുട്ടികൾ ആ പ്രാപ്തികളെ എത്രത്തോളം തന്റേതാക്കി? ബാബയാൽ നൽകപ്പെട്ട സമ്പത്തിനെ തന്റേതാക്കുമ്പോൾ എത്രത്തോളം തന്റേതാക്കുന്നുവോ അത്രത്തോളം ലഹരിയും സന്തോഷവുമുണ്ടാകുന്നു- എന്റെ ഖജനാവാണ്. നൽകിയത് ബാബയാണ് എന്നാൽ തന്നിൽ ധാരണ ചെയ്ത് അവനവന്റേതാക്കി. അപ്പോൾ എന്തു കണ്ടു? അവനവന്റേതാക്കുന്നതിൽ യഥാക്രമമാണോ. ബാബ നമ്പർ ഉണ്ടാക്കിയില്ല എന്നാൽ അവനവന്റെ ധാരണയുടെ യഥാശക്തി യഥാക്രമമാക്കി. സമ്പൂർണ അധികാരം അഥവാ സർവ പ്രാപ്തികളാൽ സമ്പന്ന ആത്മാവ് ആരാണോ അമൃതവേള മുതൽ രാത്രി വരെ പ്രാപ്തികളുടെ ലഹരിയിൽ അഥവാ അനുഭവത്തിൽ കഴിയുന്നത് അവരുടെ ലക്ഷണം എന്തായിരിക്കും? പ്രാപ്തികളുടെ ലക്ഷണമാണ് സന്തുഷ്ടത. അവർ സദാ സന്തുഷ്ടമണിയായി മറ്റുള്ളവർക്കും സന്തുഷ്ടതയുടെ തിളക്കത്തിന്റെ വൈബ്രേഷൻ പരത്തിക്കൊണ്ടിരിക്കും. അവരുടെ മുഖം സദാ പ്രസന്നചിത്തമായി കാണപ്പെടും. പ്രസന്നചിത്തം എന്നാൽ സർവ പ്രശ്നചിത്തത്തിൽ നിന്നും ഉപരി. ഒരു ചോദ്യവുമില്ല, പ്രസന്നമാകും. എന്തുകൊണ്ട്, എന്ത്, എങ്ങനെ -ഇതെല്ലാം സമാപ്തം. അപ്പോൾ ഇങ്ങനെ പ്രസന്നചിത്തമായോ? അതോ ഇപ്പോഴും ഇടയ്ക്കിടെ എന്തെങ്കിലും ചോദ്യമുയരുന്നുണ്ടോ- ഇതെന്താണ്, ഇതെന്തുകൊണ്ടാണ്, ഇതെങ്ങനെ ഉണ്ടാകും? എപ്പോൾ ഉണ്ടാകും? ഈ ചോദ്യം മനസിലാകട്ടെ, മറ്റുള്ളവരോടാകട്ടെ ഉയരുന്നുണ്ടോ? പ്രശ്നചിത്തരോ പ്രസന്നചിത്തരോ? അതോ ഇടയ്ക്ക് പ്രശ്നചിത്തർ ഇടയ്ക്ക് പ്രസന്നചിത്തർ.? എന്താണ്? മഹിമയുണ്ട് -അപ്രാപ്തമായി ഒരു വസ്തുവില്ല ബ്രാഹ്മണരുടെ ഖജനാക്കളിൽ. ഇത് ആരുടെ, ഏത് ബ്രാഹ്മണരുടെ മഹിമയാണ്? താങ്കളുടേതോ അതോ ഇനി മറ്റാരെങ്കിലും വരാനുണ്ടോ? താങ്കൾ തന്നെയാണ്! എന്തെങ്കിലും അപ്രാപ്തിയുണ്ടാകുന്നുവെങ്കിൽ അപ്രാപ്തി അസന്തുഷ്ടതയുടെ കാരണമാണ്. തന്റെ അനുഭവം നോക്കൂ എപ്പോഴെങ്കിലും മനസ് അസന്തുഷ്ടമാകുന്നുവെങ്കിൽ കാരണമെന്താണ്? എന്തെങ്കിലുമെന്തെങ്കിലും അപ്രാപ്തിയുടെ അനുഭവം ചെയ്യുമ്പോൾ അസന്തുഷ്ടതയുണ്ടാകുന്നു. മഹിമയാണ് അപ്രാപ്തമായി ഒരു വസ്തുവുമില്ല. ഇത് ഇപ്പോഴത്തെ മഹിമയോ വിനാശത്തിൻരെ സമയത്തെയോ? വിനാശത്തിന്റെ സമയത്ത് സമ്പന്നമാകുമോ അതോ ഇപ്പോൾ ആകണമോ? ആരു മനസിലാക്കുന്നുവോ ഞാൻ സദാ പ്രസന്നചിത്തമായിരിക്കുന്നു , ഒരിക്കലും ഒരു കാര്യത്തിലും സ്വന്തം സംബന്ധത്തിലാകട്ടെ , മറ്റുള്ളവരുടെ സംബന്ധത്തിലാകട്ടെ ചോദ്യമുയർത്തുന്നില്ല, സദാ സന്തുഷ്ടമായിരിക്കുന്നു- ഇങ്ങനെ സന്തുഷ്ടആത്മാക്കൾ എത്രയുണ്ടാകും? വളരെയാണ്! നല്ലത്, ആരു മനസിലാക്കുന്നു സദാ പ്രസന്നമായിരിക്കുന്നു, മായ എത്ര തന്നെ ഇളക്കിയാലും എന്നാൽ ഞാൻ ഇളകുകയില്ല, മായയെ ഇളക്കാൻ നോക്കുന്നു, മായ നമസ്കരിക്കുന്നു, ഞാൻ അംഗദനാണ്, മായ തോറ്റുപോകുന്നു എന്നാൽ ഞാൻ വിജയിയാണ്, ആര് ഇങ്ങനെയുണ്ടോ അവർ കൈ ഉയർത്തൂ. സദാ എന്ന വാക്ക് ഓർമിക്കണം, ഇടയ്ക്കിടെയുള്ളവരല്ല. വളരെ കുറച്ചാണ്, കോടിയിലും ചിലർ! ചോദ്യചിഹ്നം ഉയർത്തുന്നുണ്ടല്ലോ. ചോദ്യചിഹ്നം ഡിക്ഷണറിയിൽ നിന്ന് പുറത്തുപോകട്ടെ. ഇളക്കവുമുണ്ടാകരുത്. കംപ്യൂട്ടർ പ്രവർത്തിപ്പിക്കുമ്പോൾ അതിൽ വരാറില്ലേ? താങ്കളുടെ ബുദ്ധിയാകുന്ന കംപ്യൂട്ടറിൽ നിന്ന് സദാ ഫുൾസ്റ്റോപ്പിന്റെ മാത്ര വരട്ടെ. ചോദ്യചിഹ്നം, ആശ്ചര്യത്തിന്റെ മാത്ര അവസാനിച്ചു. അവരെയാണ് സദാ പ്രസന്നചിത്തരെന്നു പറയുന്നത്. ഇങ്ങനെയുള്ള പ്രസന്നചിത്തർ മറ്റുള്ളവരുടെയും ചോദ്യചിഹ്നം അവസാനിപ്പിക്കുന്നു. ഇല്ലെങ്കിൽ സ്വയത്തിൽ അഥവാ ചോദ്യചിഹ്നമുണ്ടെങ്കിൽ ഏതൊരു കാര്യവും കേൾക്കും, കാണും, പറയും, ദാ ഇങ്ങനെ ഉണ്ടാവാൻ പാടില്ല പക്ഷേ ഉണ്ടാകുന്നു, ഞാനും മനസിലാക്കുന്നു, ഉണ്ടാവാൻ പാടില്ല, കലർന്നു പോകും. അവരുടെ ചോദ്യങ്ങൾക്ക് ഇനിയും അടിവരയിടും. അഭിപ്രായം നൽകിയല്ലോ അതേ ഇത് ശരിയല്ല എന്നാൽ സംഭവിക്കുന്നു. അപ്പോൾ പ്രസന്നചിത്തമായില്ല, എന്നാൽ ഒന്നു കൂടി പ്രശ്നത്തെ വർധിപ്പിച്ചു. കൂട്ടിച്ചേർത്തു. ഒന്നിന്റെ ചോദ്യമായിരുന്നു, ഇപ്പോൾ രണ്ടിന്റെയായി, രണ്ടിൽ നിന്ന് നാലാകും. അപ്പോൾ പ്രസന്നചിത്ത വൈബ്രേഷനു പകരം പ്രശ്നചിത്തത്തിന്റെ വൈബ്രേഷൻ പെട്ടെന്നു പരക്കുന്നു. ഓ ഇങ്ങനെ

യാണ്... ഒപ്പം ചേർന്നു. ആശ്ചര്യത്തിന്റെ ചിഹ്നം വന്നില്ലേ. അതേ അപ്പോൾ ഫുൾസ്റ്റോപ്പ് വീണില്ലല്ലോ. അവനവനെ പ്രതി ആയാലും – ഇത് എന്നോട് വേണമായിരുന്നില്ല, അപ്പോൾ ഈ വേണം വേണം പ്രശ്നചിത്തമാക്കുന്നു, ഇത് എനിക്ക് ലഭിക്കണമായിരുന്നു, ഇത് അവർക്ക് ഉണ്ടാവാൻ പാടില്ലായിരുന്നു. അപ്പോൾ ഈ വേണം വേണം പ്രശ്നചിത്തമാക്കുന്നു. പ്രസന്നചിത്തമല്ല, അപ്പോൾ എല്ലാവരുടെയും ലക്ഷ്യമെന്താണ്? സന്തുഷ്ടം, പ്രസന്നചിത്തം. ആരുടെ പ്രസന്നചിത്തമാകുന്നുവോ അവരുടെ മനസ്, ബുദ്ധിയുടെ വ്യർഥത്തിന്റെ ഗതി വേഗത്തിലാവുകയില്ല. സദാ നിർമലം, വിനീതം. വിനീതമാകുന്നതിനാൽ എല്ലാവർക്കും തന്റെ പ്രസന്നചിത്തത്തിന്റെ ഛായയിൽ ശീതളതയേകും. എങ്ങനെ അഗ്നി പോലെ കത്തിയെരിഞ്ഞാലും ബുദ്ധി വളരെ ചൂടായാലും പ്രസന്നചിത്തരുടെ വൈബ്രേഷന്റെ ഛായയിൽ ശീതളമായി മാറും. ദുർബലത വരുന്നുണ്ടോ? അങ്ങനെ ശരിയായി പൊയ്ക്കൊണ്ടിരുന്നാലും, തന്റെ രീതിയിലൂടെ നന്നായി പോകുന്നുവെങ്കിലും സംബന്ധ സമ്പർക്കത്തിൽ വരുന്നുവെങ്കിൽ  മറ്റുള്ളവരുടെ ദുർബലത കണ്ടും കേട്ടും വർണിച്ചും പ്രഭാവത്തിൽ വരുന്നു. പിന്നീട് പറയുന്നു ഇവർ ചെയ്തിട്ടല്ലേ അതുകൊണ്ടാണ് എന്നിൽ നിന്നും സംഭവിച്ചത്. ഇവർ പറഞ്ഞു അപ്പോഴാണ് ഞാനും പറഞ്ഞത്.  അവർ 50 തവണ പറഞ്ഞു, ഞാൻ ഒരു തവണയാണ് പറഞ്ഞത്. പിന്നെ ബാബയുടെ മുന്നിലും വളരെ മധുര മധുരമായി കാര്യങ്ങൾ വെക്കുന്നു . പറയുന്നു ബാബാ അങ്ങ് മനസിലാക്കിയാലും ഇത്രയും ഏതുവരെ സഹിക്കാനാണ്! എന്നാലും പുരുഷാർഥിയല്ലേ, അപ്പോൾ അൽപമൊക്കെ വരുമല്ലോ! ബാബയ്ക്കു കൂടി മനസിലാക്കിക്കൊടുക്കുന്നു. ഇവിടെ ആരാണോ നിമിത്തം അവരെ വളരെ കഥകൾ കേൾപ്പിക്കുന്നു. ഇങ്ങനെയായിരുന്നില്ലേ, ഇങ്ങനെയായിരുന്നില്ലേ, ഇങ്ങനെയായിരുന്നില്ലേ.... ഇങ്ങനെ ഇങ്ങനെയുടെ മാല ജപിക്കുന്നു. ബാപ്ദാദ സദാ സൂചന നൽകുന്നു ഇങ്ങനെയുള്ള കാര്യങ്ങൾ രണ്ടു വാക്കിൽ വർണിക്കൂ. നീട്ടി വർണിക്കാതിരിക്കൂ എന്തെന്നാൽ ഈ വ്യർഥ കാര്യങ്ങൾ വളരെ രസകരം ആകുന്നു. രസിപ്പിക്കുന്നതാകുന്നു, ഭക്ഷണത്തിൽ സ്വാദിഷ്ടവും മധുരവും ആയത് നന്നായി തോന്നുമല്ലോ. സാദാ മസാലയില്ലാത്തത് എങ്കിൽ പറയും ഇതു തന്നെയല്ലേ കഴിക്കാറുള്ളത്. അപ്പോൾ വ്യർത്ഥ കാര്യങ്ങൾ, വ്യർത്ഥചിന്തനം കേൾക്കുക, പറയുക, ചെയ്യുക ഇതിൽ പോകെപ്പോകെ താൽപര്യം വർധിക്കുന്നു.  പിന്നെ ചിന്തിക്കുന്നു– ഞാൻ ആഗ്രഹിച്ചിരുന്നില്ല എന്നാൽ അവർ കേൾപ്പിച്ചുവല്ലോ, അപ്പോൾ ഞാൻ വിചാരിച്ചു ശരി അവരുടെ കേൾക്കാം എന്നാൽ ഉള്ള് കാലിയാക്കാം. അവരുടെ ഉള്ള് കാലിയായി, എന്നാൽ താങ്കളുടെ ഉള്ള് നിറഞ്ഞു. അവ അൽപാൽപം ഉള്ളിൽ നിറഞ്ഞ് നിറഞ്ഞ് പിന്നെ സംസ്കാരമായി മാറുന്നു എങ്കിൽ തിരിച്ചറിയുകയേയില്ല, ഇതു തെറ്റാണ്. ഈ വ്യർഥ സംസ്കാരം ബുദ്ധിയുടെ നിർണയത്തെ അവസാനിപ്പിക്കുന്നു. അതിനാൽ ഏറ്റവും സഹജമായി സദാ സന്തുഷ്ടമായിരിക്കാനുള്ള വിധിയാണ് – സദാ തനിക്കു മുന്നിൽ ഏതെങ്കിലുമേതെങ്കിലും വിശേഷ പ്രാപ്തികൾ വെക്കൂ. എന്തെന്നാൽ പ്രാപ്തി മറക്കുന്നില്ല. ബാബയിൽ നിന്നും എന്തെന്തെല്ലാം ലഭിച്ചു, എത്ര ലഭിച്ചു, വൈവിധ്യം ഇഷ്ടമല്ലേ ! ഒരേ പോലുള്ളത് ഇഷ്ടമല്ല. അതിനാൽ താങ്കൾ താങ്കളുടെ പ്രാപ്തികളെ നോക്കൂ– ജ്ഞാനത്തിന്റെ ഖജനാക്കളുടെ പ്രാപ്തി എത്രയാണ്, യോഗത്തിലൂടെ ശക്തികളുടെ പ്രാപ്തി എത്രയാണ്, ദിവ്യഗുണങ്ങലുടെ പ്രാപ്തികൾ എത്രയാണ്, പ്രായോഗിക ലഹരിയിൽ, സന്തോഷത്തിൽ കഴിയുന്നതിന്റെ പ്രാപ്തികൾ എത്രയാണ്? വളരെ ലിസ്റ്റുണ്ടല്ലോ! ആദ്യമേ കേൾപ്പിച്ചല്ലോ എപ്പോഴെങ്കിലും ഏതെങ്കിലും ഗുണത്തിന്റെ പ്രാപ്തിയെ മുന്നിൽ വെച്ചുകൊണ്ട് സന്തുഷ്ടമായിരിക്കൂ എന്തെന്നാൽ ഒരു ഗുണമെങ്കിലും സ്വന്തമാക്കിയാൽ, വികാരങ്ങൾക്ക് പരസ്പരം വളരെ ആഴമേറിയ ബന്ധമുള്ളതു പോലെ പുറമെ എമർജ് ആയിരിക്കുന്നത് ക്രോധമാകാം എന്നാൽ ആന്തരികമായി പരിശോധിക്കുകയാണെങ്കിൽ ക്രോധത്തിനോടൊപ്പമൊപ്പം ലോഭവും അഹങ്കാരവും ഉണ്ടാകുക തന്നെ ചെയ്യും , ഇതെല്ലാം പരസ്പരം കൂട്ടുകാരാണ്, ചിലത് എമർജായിരിക്കും, ചിലത് മർജായിരിക്കും, അപ്പോൾ ഗുണങ്ങൾക്കും പരസ്പരം സംബന്ധമുണ്ട്. എമർജായി ഒരു ഗുണത്തെ വെക്കൂ എന്നാൽ മറ്റു ഗുണവും അതിനൊപ്പം മർജ് രൂപത്തിൽ ഉണ്ടാകുന്നു. അപ്പോൾ പതിവായി എന്തെങ്കിലുമെന്തെങ്കിലും പ്രാപ്തിസ്വരൂപത്തിന്റെ അനുഭവം അവശ്യം ചെയ്യൂ. അഥവാ പ്രാപ്തി എമർജ് രൂപത്തിൽ ഉണ്ട് എങ്കിൽ പ്രാപ്തിക്കു മുന്നിൽ അപ്രാപ്തി അവസാനിക്കുന്നു സദാ സന്തുഷ്ടവുമായിരിക്കും. ലോകത്തും നോക്കുകയാണെങ്കിൽ മുഖ്യപ്രാപ്തി ആൾക്കാർ എന്താഗ്രഹിക്കുന്നു?

ഓരോരുത്തരും ആഗ്രഹിക്കുന്നു സ്വന്തം പേര് നല്ലതാകണം രണ്ടാമത് ബഹുമാനം, മൂന്നാമത് പ്രശസ്തി. പേര്, പദവി, പ്രശസ്തി ഇവ –പ്രാപ്തമാക്കാനാഗ്രഹിക്കുന്നു. താങ്കളും എന്താണാഗ്രഹിക്കുന്നത്? താങ്കളും ഇതല്ലേ ആഗ്രഹിക്കുന്നത് ! പരിധിയുള്ളതല്ല പരിധിയില്ലാത്തത്. ലോകർ പരിധിയുള്ള പേരിനു പിറകെ ഓടുന്നു താങ്കളുടെ പേര് വിശ്വത്തിൽ എത്ര ഉയർന്നതാണ് അത്രയും മറ്റാരുടേതാണ്? അപ്പോൾ താങ്കൾ സ്വന്തം പേരിനെ നോക്കൂ. എല്ലാവരുടെയും പേരിനെക്കാൾ വിശേഷതയാണ് താങ്കളുടെ പേര് ആരാണ് ജപിക്കുന്നത്? സ്വയം ഭഗവാൻ താങ്കളുടെ പേര് ജപിക്കുന്നു! അപ്പോൾ ഇതിലും വലിയ പേരെന്താണ്! താങ്കളുടെ പേരിലൂടെ ഇപ്പോൾ അവസാന ജന്മത്തിലും അനേക ആത്മാക്കൾ സ്വന്തം ശരീരനിർവഹണം

നടത്തുന്നു. താങ്കൾ ബ്രാഹ്മണരല്ലേ അപ്പോൾ ബ്രാഹ്മണരുടെ പേരിലൂടെ ഇന്നും നാമധാരി ബ്രാഹ്മണർ എത്രയാണ് സമ്പാദിക്കുന്നത്! ഇപ്പോൾ വരെയും നാമധാരി ബ്രാഹ്മണരെ എത്ര ഉയർന്നവരായി വാഴ്ത്തുന്നു. അപ്പോൾ താഹ്കളുടെ നാമത്തിന് എത്ര മഹിമയാണ്! ഇത്രയും ശ്രേഷ്ഠ നാമമാണ് താങ്കളുടേത്. അതിനാൽ പരിധിയുള്ള പേരിനു പിറകെ പോകാതിരിക്കൂ. എന്റെ പേര് ഒരിക്കലും ഒന്നിലും എടുക്കാറില്ല, എന്റെ പേര് എപ്പോഴും പുറകിലാണ്, സേവനം ഞാൻ ചെയ്യുന്നു പേര് മറ്റുള്ളവർക്ക് പോകുന്നു.... അതിനാൽ പരിധിയുള്ള പേരിനു പുറകെ പോകാതിരിക്കൂ ബാബയുടെ ഹൃദയത്തിൽ താങ്കളുടെ പേര് സദാ ശ്രേഷ്ഠമാണ്. ബാബയുടെ ഹൃദയത്തിൽ പേരു വന്നാൽ ഏതെങ്കിലും സേവനത്തിലോ ഏതെങ്കിലും പ്രോഗ്രാമിലോ ഏതെങ്കിലും കാര്യത്തിലോ താങ്കളുടെ പേരു വന്നില്ലെങ്കിലും എന്താണു കുഴപ്പം ബാബയുടെ പക്കലുണ്ടല്ലോ! ഭക്തിമാർഗത്തിൽ ഹനുമാന്റെ ചിത്രം കാണിക്കുന്നുണ്ടല്ലോ അപ്പോൾ ആ ഹൃദയത്തിൽ എന്തായിരുന്നു? രാമനായിരുന്നു. ബാബയുടെ ഹൃദയത്തിൽ ആരാണ്? (കുട്ടികൾ) അപ്പോൾ കുട്ടികളിൽ താങ്കൾ ഉണ്ടോ ഇല്ലയോ? അപ്പോൾ എല്ലാവരുടെയും പേരുണ്ട് ! കണ്ടില്ലേ? ഉറപ്പല്ലേ? മിസായിട്ടില്ലല്ലോ ? താങ്കളെല്ലാവരുടെയും പേരുണ്ട്! അപ്പോൾ മറ്റു പേരിനു പിറകെ എന്തിനു പോകുന്നു? എന്തെന്നാൽ ഭൂരിപക്ഷം ഇതേ പേര്, പ്രശസ്തി, അംഗീകാരം തന്നെ വീഴ്ത്തുന്നു, ഇതേ പേര്, പ്രശസ്തി, അംഗീകാരത്തിന്റെ ലഹരി തന്നെ കയറ്റുന്നതും. അപ്പോൾ പ്രാപ്തിയുടെ രൂപത്തിൽ നോക്കൂ. അഥവാ ഏതെങ്കിലും കാരണത്താൽ താങ്കളുടെ പേര് ഗുപ്തമാണെങ്കിൽ താങ്കൾ വിചാരിക്കുന്നു എൻരെ പേര് ഉണ്ടാകണം , യഥാർഥമാണ് എന്നിട്ടും അഥവാ ഏതെങ്കിലും ആത്മാവിനോട് കർമക്കണക്കിന്റെ കാരണത്താൽ അല്ലെങ്കിൽ അവരുടെ സംസ്കാരത്തിന്റെ കാരണത്താൽ താങ്കളുടെ പേര് ഉണ്ടാകുന്നില്ല, താങ്കൾ ശരിയാണ്, അവർ തെറ്റാണ് എന്നിട്ടും അവരുടെ പേരുണ്ടാകുന്നു താങ്കളുടെ ഇല്ല, എങ്കിൽ വിജയമാലയിൽ താങ്കളുടെ പേര് നിശ്ചിതമാണ് അതിനാൽ ഇതിന്റെയും ചിന്ത വെക്കാതിരിക്കൂ, ഈ രൂപത്തിൽ മായ കൂടുതൽ വരുന്നു അതിനാൽ ഇപ്പോൾ തെറ്റായി പേര് നഷ്ടപ്പെട്ടാലും കുഴപ്പമില്ല എന്നാൽ വിജയമാലയിൽ താങ്കളുടെ പേര് നഷ്ടപ്പെടില്ല. ആദ്യം താങ്കളുടെ പേരുണ്ടാകും. അപ്പോൾ തന്റെ പേരിന്റെ മഹിമ ഓർമിക്കൂ– എന്റെ പേര് ബബയുടെ ഹൃദയത്തിലാണ്, വിജയമാലയിലാണ്, അന്ത്യം വരെ എന്റെ നാമം സേവനം ചെയ്യുന്നു.

താങ്കളുടെ ബഹുമാനമോ എത്രയാണ്? ഭഗവാൻ പോലും താങ്കളെ തന്നെക്കാൾ മുന്നിൽ വെച്ചിരിക്കുന്നു! ആദ്യം കുട്ടികൾ. അപ്പോൾ സ്വയം ബാബ ബഹുമാനം നൽകി. എത്രയാണ് താങ്കളുടെ ബഹുമാനം, അതിന്റെ പ്രൂഫ് നോക്കൂ താങ്കളുടെ ജഡചിത്രങ്ങൾക്കും അവസാനജന്മം വരെയും എത്ര ബഹുമാനമാണ്. അറിഞ്ഞായാലും അറിയാതെയായാലും ഏതൊരു ദേവീദേവതയുടെ ചിത്രമുണ്ടെങ്കിലും എത്ര ബഹുമാനത്തോടെ നോക്കുന്നു. ഏറ്റവും ശ്രേഷ്ഠമായ ബഹുമാനം ഇതുവരേക്കും താങ്കളുടെ ചിത്രങ്ങളുടേതു കൂടിയാണ്. ഇതു പ്രൂഫാണ്. താങ്കളുടെ ചിത്രം തന്നെ ഇത്രയും മാനനീയ, പൂജനീയമെങ്കിൽ ആരുടെ ബഹുമാനമാണോ ചെയ്യുന്നത് അവരെ പൂജനീയമെന്നു കരുതുന്നു. എല്ലായ്പോഴും പറയുന്നുവല്ലോ– ഇതു ഞങ്ങളുടെ പൂജനീയരാണ്, പൂജ്യരാണ്. അപ്പോൾ പ്രായോഗികതെളിവാണ് താങ്കളുടെ ചിത്രങ്ങളുടെയും ബഹുമാനമുണ്ട് എങ്കിൽ ചൈതന്യത്തിലുമുണ്ട് അതുകൊണ്ടാണ് ചിത്രങ്ങളെ മാനിക്കുന്നത്.. അഥവാ ചൈതന്യത്തിൽ ബഹുമാനമില്ല എങ്കിൽ ചിത്രങ്ങൾക്ക് എങ്ങനെയാണ് ലഭിക്കുക? ബാബയാണെങ്കിൽ സദാ പറയുന്നു ആദ്യം കുട്ടികൾ. കുട്ടികളെ ഡബിൾ പൂജ ചെയ്യുന്നു. ബാബ സിംഗിൾ. അപ്പോൾ താങ്കളുടെ ബഹുമാനം ബാബയെക്കാൾ കൂടുതലായല്ലോ! ഇത്രയും ശ്രേഷ്ഠബഹുമാനം ലഭിച്ചു. അതിനാൽ എപ്പോൾ ഏതെങ്കിലും പരിധിയുള്ള ബഹുമാനത്തിന്റെ കാര്യം വരുമ്പോഴും ചിന്തിക്കണം ആത്മാക്കളുടെ ബഹുമാനമെന്തിന് പരമാത്മാവിൻരെ ബഹുമാനം ലഭിക്കുമ്പോൾ. ഇങ്ങനെ വിചാരിക്കരുത് ഞാൻ ഇത്രയൊക്കെ ചെയ്യുന്നു എന്നിട്ടും അംഗീകാരമില്ല ചോദിക്കുന്നതേയില്ല! ഈ വിചാരിക്കുന്നത് വ്യർത്ഥമാണ് എന്തെന്നാൽ എത്രത്തോളം താങ്കൾ പരിധിയുള്ള അംഗീകാരത്തിനു പിറകെ ഓടുമ്പോഴും പരിധിയുള്ള ഏതൊരു കാര്യവും നിഴലിനെപ്പോലെയാണ്. നിഴലിനു പിറകെയാകുമ്പോൾ ഒരിക്കലും നിഴലിനെ പിടിക്കാനാവുകയില്ല, മുന്നേറാനും കഴിയുമോ? അപ്പോൾ പരിധിയുള്ള ബഹുമാനം, പരിധിയുള്ള പേര് ഇതു നിഴലാണ്. ഇതു മായയുടെ വെയിലിൽ കാണപ്പെടുകയാണ് എന്നാൽ ഒന്നും തന്നെയല്ല. അപ്പോൾ പേരും താങ്കൾക്കു ലഭിച്ചു. ബഹുമാനവും താങ്കൾക്കു ലഭിച്ചിട്ടുണ്ട് പ്രശസ്തി എത്രയാണ്! താങ്കളുടെ ഓരോരോ മഹിമയെ ഓർമിക്കൂ, ആരാണ് പ്രശസ്തിയിലിരുത്തിയത്? ബാബയാണ് ഇരുത്തിയത് . ബാബയുടെ ഹൃദയസിംഹാസനധാരിയാണ്. ഏറ്റവും വലുതിലും വലിയ പ്രശസ്തി രാജ്യപദവിയല്ലേ! അപ്പോൾ താങ്കൾക്ക് കിരീട, സിംഹാസനങ്ങൾ ലഭിച്ചില്ലേ! ആര് പരമാത്മാവിന്റെ സിംഹാസനധാരിയാണോ അതിലും വലിയ അംഗീകാരമെന്താണ്!

ഇടയ്ക്കിടെ നിർണയം ചെയ്യുന്നതിൽ ഒരു ചെറിയ തെറ്റു ചെയ്യുന്നു. ഏതൊന്ന് യഥാർഥ അംഗീകാര

മാണോ ആത്മീയഅംഗീകാരമാണോ അത് ഒരിക്കലും അഭിമാനത്തിന്റെ തോന്നൽ നൽകുകയില്ല. അപ്പോൾ ഇടയ്ക്കിടെ എന്താണ് ചെയ്യുന്നത്? ഉണ്ടാകുന്നത് അഭിമാനമാണ് എന്നാൽ വിചാരിക്കുന്നു ഈ പ്രശസ്തി തന്റേതാക്കി വെക്കണം, ഇത്രയും അംഗീകാരം വേണമല്ലോ പ്രശസ്തിയിൽ കഴിയുന്നത് നല്ലതാണ്. എന്നാൽ അംഗീകാരമോ അഭിമാനമോ അത് നന്നായി പരിശോധിക്കൂ. ഇടയ്ക്കിടെ അഭിമാനത്തെ അംഗീകാരമായി കണക്കാക്കുന്നു. വിനീതരാകുന്നതേയില്ല. താങ്കൾ താങ്കളുടെ പ്രശസ്തിയെ യഥാർഥമെന്നു കരുതുന്നു എന്നാൽ മറ്റുള്ളവർ കരുതുന്നു ഇത് അഭിമാനമാണ് അപ്പോൾ അൽപമെന്തെങ്കിലും പറഞ്ഞാൽ തന്നെ താങ്കൾക്ക് അപമാനം തോന്നുന്നു. അഭിമാനമുള്ളവർക്ക് അപമാനം വളരെ പെട്ടെന്നു തോന്നുന്നു. കുറച്ചെന്തെങ്കിലും ആരെങ്കിലും ചിരിക്കാനായി പറഞ്ഞാൽ തന്നെ അപമാനം തോന്നും. ഇത് അഭിമാനത്തിന്റെ ലക്ഷണമാണ്. വിചാരിക്കും– ഇല്ല ഞാനിങ്ങനെയൊന്നുമല്ല, ഇങ്ങനെ പറയാനേ പാടില്ല. അപ്പോൾ ശരിയായി നിർണയമെടുക്കൂ. ആ സമയം നിർണയത്തിൽ കുറവുണ്ടാകുന്നു. യഥാർഥമായതിനു പകരം കലർപ്പു വരുന്നു, താങ്കൾ അതിനെ യഥാർഥമെന്നു കരുതുന്നു. അപ്പോൾ പറച്ചിലിൽ വരിക ഇവർ വളരെ നല്ലതാണ്, എന്നാൽ സംസാരം, നടപ്പും ഇരിപ്പുമൊക്കെ വളരെ അഭിമാനമുള്ളതായി തോന്നുന്നു. ഇതും ആരെങ്കിലും പറഞ്ഞാൽ അപമാനത്തിന്റെ തോന്നൽ വരുന്നു. അപ്പോൾ സ്വമാനത്തിന്റെയും അഭിമാനത്തിന്റെയും അന്തരത്തെയും പരിശോധിക്കൂ. സ്വമാനം എത്ര വലുതാണ്, പ്രശസ്തി എത്ര വലുതാണ്, ആ പരിധിയില്ലാത്ത പേര്, പ്രശസ്തി, അംഗീകാരത്തെ സദാ എമർജ് ചെയ്യൂ. മർജല്ല എമർജ് ചെയ്യൂ. ഓർമയിൽ ഇടയ്ക്കിടെ അലസത വരുമ്പോൾ പറയാറുള്ള പോലെ ഞാൻ ബാബയുടേതു തന്നെയല്ലേ, ഓർമിക്കാനെന്താണ്... എന്നാൽ എമർജ് സങ്കൽപത്തിലൂടെയാണ് പ്രാപ്തിയുടെ അനുഭവമുണ്ടാകുന്നത്. ഇങ്ങനെ തന്നെ ഓരോ ധാരണയിലും അലർട്ടായിരിക്കൂ, അലസരാകരുത് എന്തെന്നാൽ സമയം സമീപം വന്നുകൊണ്ടിരിക്കുകയാണ്. സമയം സമീപം എന്തു സൂചന നൽകിക്കൊണ്ടിരിക്കുന്നു? സമാനമാകൂ സമ്പന്നമാകൂ. അപ്പോൾ സമയത്തിന്റെ വെല്ലുവിളിയെ നോക്കൂ, സർവ പ്രാപ്തികളാൽ സമ്പന്നമാകൂ. ശരി

നാനാ ഭാഗത്തെയും സദാ സർവ പ്രാപ്തി സ്വരൂപ ആത്മാക്കൾക്ക്, സദാ സന്തുഷ്ടം, സദാ പ്രസന്നചിത്തമായിരിക്കുന്ന ശ്രേഷ്ഠആത്മാക്കൾക്ക്, സദാ സ്വയത്തിന് ശ്രേഷ്ഠ നാമം, പ്രശസ്തി, അംഗീകാരത്തിന് അധികാരിയായി അനുഭവം ചെയ്യുന്ന സമീപആത്മാക്കൾക്ക്, സദാ സർവർക്കു സന്തുഷ്ടതയുടെ വൈബ്രേഷന്റെ ലൈറ്റ്, മൈറ്റ് നൽകുന്ന പ്രസന്നചിത്ത ആത്മാക്കൾക്ക് ബാപ്ദാദയുടെ സ്നേഹസ്മരണ, നമസ്തേ.

## വരദാനം: ഓരോ സെക്കന്റ് സ്വയത്തെ നിറഞ്ഞതായി അനുഭവം ചെയ്ത് സദാ സേഫായി കഴിയുന്ന സ്മൃതി സോ സമർഥ സ്വരൂപമായി ഭവിക്കട്ടെ

ബാപ്ദാദയിലൂടെ സംഗമയുഗത്തിൽ എന്തെല്ലാം ഖജനാക്കൾ ലഭിച്ചുവോ അവയിലൂടെ സ്വയത്തെ സദാ നിറച്ചുവെക്കൂ, എത്ര നിറഞ്ഞുവോ അത്രയും ഇളക്കമില്ല, നിറഞ്ഞ വസ്തുവിലേക്ക് മറ്റൊരു വസ്തുവിനും വരാനാവില്ല, ഇങ്ങനെ പറയാനാവില്ല സഹനശക്തി അല്ലെങ്കിൽ ശാന്തിയുടെ ശക്തിയില്ല, കുറച്ച് ക്രോധം, അഥവാ ആവേശം വരുന്നു ഏതൊരു ശത്രുവും ശക്തമായി വരുന്നത് അപ്പോഴാണ് എപ്പോഴാണോ ആലസ്യമുള്ളത് അല്ലെങ്കിൽ ഡബിൾലോക്ക് ഇല്ലാത്തത്. ഓർമയുടെയും സേവനത്തിന്റെയും ഡബിൾലോക്ക് വെക്കൂ, സ്മൃതിസ്വരൂപമായി കഴിയൂ എങ്കിൽ സമർഥരായി സദാ സേഫായി കഴിയും.

## സ്ലോഗൻ: വിശ്വത്തിന്റെ നവനിർമാണം ചെയ്യുന്നതിന് തന്റെ സ്ഥിതി വിനയചിത്തമാക്കൂ